**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 25. 06. 2012 - ൽ മറുപടിക്ക്

നമ്പർ: 3533

**സൈൻബോർഡ് അഴിമതിക്കേസ് പിൻവലിക്കുന്നതിനായി ഹർജി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സൈൻബോർഡ് അഴിമതിക്കേസ് പിൻവലിക്കുന്നതിനായി വിജിലൻസ് അന്വേഷണ വിഭാഗം വിജിലൻസ് കോടതിയിൽ ഹർജി നൽകി എന്ന ആക്ഷേപത്തിൻെറ നിജസ്ഥിതി വ്യക്തമാക്കാമോ;<br><br>(ബി) ഇങ്ങനെ ഒരു ഹർജി നൽകിയിട്ടുണ്ടെങ്കിൽ ആയത് നല്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ? | (എ ) യും (ബി) യും<br>സൈൻബോർഡ് അഴിമതിക്കേസ് ( വി.സി.9/2004/എസ്.ഐ.യു ) പിൻവലിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും വിജിലൻസ് കോടതിയിൽ ഹർജി നൽകിയിട്ടില്ല. പ്രതികളെ പ്രോസിക്യൂട്ട് ചെയ്യേണ്ട ആവശ്യമില്ലെന്നും, ഒന്നാം പ്രതിക്കെതിരെ റൂൾ 59 (ബി) പാർട്ട് III കെ.എസ്.ആർ. പ്രകാരം നടപടിയെടുക്കണമെന്നും രണ്ടാം പ്രതിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സർക്കാർ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ